## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **07-12-2022 - ൽ മറുപടിയ്ക്ക്**

## പാറശാല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>പാറശാല നിയോജക മണ്ഡലത്തിൽ പാറശ്ശാല ബ്ലോക്ക് പരിധിയിൽ പാറശ്ശാല പഞ്ചായത്ത് മാത്രമാണുള്ളത്. പട്ടികജാതി വികസന വകുപ്പിന്റെ 2020 മുതൽ 2022 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് ടി പഞ്ചായത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് മുഖേന പട്ടികജാതി കുടുംബങ്ങൾക്ക് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പദ്ധതി പ്രകാരം 2018-22 വർഷക്കാലയളവിൽ 27 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽ പെരുങ്കിടവിള ബ്ലോക്ക് പരിധിയിൽ 2019-20 മുതൽ 2021-22 വരെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച് നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്തവർക്ക് ഭവന പൂർത്തീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ ശോചനീയാവസ്ഥയിലുള്ള വീടുകളുടെ പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് പട്ടികജാതി വികസന വകുപ്പ് 2022-23 വർഷം SAFE (Scheme Accommodation And Facility Enhancement) എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ്/ തദ്ദേശ സ്ഥാപനം മുഖേനെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ |

| | | | |
|---|---|---|---|
| | | | പുനർനിർമ്മിക്കുന്നതിന് 2021-22ൽ ആനുകൂല്യം നൽകിയവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>**പട്ടികവർഗ വികസന വകുപ്പ്**<br><br>പ്രസ്തുത നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ 20വീടുകൾക്കും ഒറ്റശേഖര മംഗലം ഗ്രാമപഞ്ചായത്തിലെ 3 വീടുകൾക്കും വെള്ളറട ഗ്രാമപഞ്ചായത്തിലെ ഒരു വീടിനും ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചിട്ടുണ്ട് |
| (ബി) | പാറശാല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; നിർമ്മാണം ആരംഭിക്കാത്ത കോളനികളിൽ അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br><br>പാറശ്ശാല മണ്ഡലത്തിൽ പാറശ്ശാല ബ്ലോക്കിൽ മലഞ്ചുറ്റ് കോളനി അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് എടുക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പെരുങ്കടവിള ബ്ലോക്കിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ എ.കെ.ജി. കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.പദ്ധതി പ്രകാരം കോളനിയിൽ നടപ്പിലാക്കേണ്ട നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിനായി എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**പട്ടിക വർഗ വികസന വകുപ്പ്**<br><br>പ്രസ്തുത നിയോജക മണ്ഡലത്തിലെ തെന്മല പട്ടിക വർഗ സങ്കേതത്തെ 2017-18ൽ അംബേദ്കർ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു . കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം , പൂരവിമല -തേക്കിൻമൂട് റോഡ് ഇന്റർലോക്ക് - രണ്ടാം ഘട്ടം , പീയണിപ്പാറ - കണ്ണമാമ്മൂട് റോഡ് ഇന്റർലോക്ക് - രണ്ടാം ഘട്ടം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | തദ്ദേശ സ്ഥാപനത്തിന്റെ പേര് | എണ്ണം | |
|---|---|---|---|
| | | വകുപ്പ് മുഖേനെ | തദ്ദേശ സ്ഥാപനം മുഖേനെ |
| 1 | കൊല്ലയിൽ | 2 | 16 |
| 2 | പെരുങ്കടവിള | 2 | 13 |
| 3 | ഒറ്റശേഖരമംഗലം | 6 | 28 |
| 4 | വെള്ളറട | 4 | 21 |
| 5 | അമ്പൂരി | 0 | 11 |
| 6 | കള്ളിക്കാട് | 3 | 9 |
| 7 | ആര്യൻകോട് | 2 | 13 |
| 8 | കുന്നത്തുകാൽ | 1 | 12 |